# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം
## ബഹുനില മന്ദിരങ്ങൾക്ക് അനുമതി

**നക്ഷത്രചിഹ്നമിട്ട ചോദ്യം : *271** **16.12.15- ൽ മറുപടി പറയേണ്ടത്.**

| | ചോദ്യം<br>ശ്രീ.എസ്.ശർമ്മ<br>,, റ്റി.വി.രാജേഷ്<br>,, കെ.വി.വിജയദാസ്<br>,, കെ.സുരേഷ് കുറുപ്പ് | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>നഗരകാര്യവുംന്യൂനപക്ഷക്ഷേമവുംവകുപ്പുമന്ത്രി |
|---|---|---|---|
| (എ) | ബഹുനില മന്ദിരങ്ങൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ഏതെല്ലാമാണ്; | (എ) | കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ചാണ് ബഹുനില മന്ദിരങ്ങൾ ഉൾ പ്പെടെയുള്ള കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകുന്നത്. കേരള മുനിസിപ്പാലിറ്റി ആക്റ്റിലേയും കേരള പഞ്ചായത്ത് രാജ് ആക്റ്റിലേയും വ്യവസ്ഥകൾ പ്രകാരമാണ് പ്രസ്തുത ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. ബഹുനില മന്ദിരങ്ങളുടെ സുരക്ഷാ വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ അദ്ധ്യായം XVII-ലും, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ അദ്ധ്യായം XIX-ലും പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകളും, മറ്റു നിയമ വ്യവസ്ഥകളും പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തി അതത് നഗരസഭ/ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ് കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകുന്നത്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കെട്ടിടങ്ങൾ വാസയോഗ്യമാണെന്ന അന്തിമ അനുമതി നൽകുന്നതാരാണ്; ഇതിന് ആവശ്യമായ രേഖകൾ /എൻ.ഒ.സി. ഏതെല്ലാമാണ്; | (ബി) | കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണച്ചട്ടങ്ങളിലെ ചട്ടം 22 പ്രകാരം ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിയും, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 25 പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമാണ് കെട്ടിടങ്ങൾ വാസയോഗ്യമാണെന്ന് അന്തിമ സർട്ടിഫിക്കറ്റ് നൽകുന്നത്. ഇതിന് പൂർത്തീകരണ സർട്ടിഫിക്കറ്റ് ഉടമസ്ഥൻ സമർപ്പിക്കേണ്ടതാണ്.<br>കൂടാതെ, ആവശ്യമെങ്കിൽ ഫയർ വകുപ്പ്, ഡിഫൻസ് വകുപ്പ്, റെയിൽ വെ വകുപ്പ്, ആർട്ട് & ഹെറിറ്റേജ് കമ്മീഷൻ, എയർ പോർട്ട് അതോറിറ്റി, പരിസ്ഥിതി വകുപ്പ് എന്നീ വകുപ്പുകളുടെ എൻ.ഒ.സി. കളും സമർപ്പിക്കേണ്ടതാണ്. |
| (സി) | പ്രസ്തുത രേഖകളിൽ ഏതെങ്കിലും സമീപകാലത്ത് ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം അറിയിക്കുമോ ; | (സി) | ഇല്ല. |
| (ഡി) | പ്രസ്തുത മാറ്റം വരുത്തിയത് കേന്ദ്ര കെട്ടിട നിർമ്മാണച്ചട്ടത്തിന് അനുസൃതമായിട്ടാണോ ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ